## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. *149

22.03.2013- ലെ
മറുപടിക്ക്.

## 2012-13 വർഷത്തെ പദ്ധതി വിനിയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.റ്റി.എ.റഹീം<br>ഡോ.ടി.എം.തോമസ് ഐസക്<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.) |
| (എ) 2012-13 വർഷത്തെ പദ്ധതി വിനിയോഗം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) 2012-13 സാമ്പത്തിക വർഷത്തെ പദ്ധതി വിനിയോഗം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെക്രട്ടറിമാരുടെ യോഗത്തിൽ അവലോകനം നടത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ 14010 കോടി രൂപ അനുവദിച്ചതിൽ 7704 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. (28.02.2013 വരെയുള്ള താൽകാലിക കണക്ക് പ്രകാരം) |
| (ബി) പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ ; തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം എത്ര ശതമാനമാണ് ; | (ബി) പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2012-13-ൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം 28.02.2013-ലെ താൽകാലിക കണക്ക് പ്രകാരം അടങ്കൽ തുകയുടെ 39% ആണ്. |
| (സി) അടിസ്ഥാന സൗകര്യ വികസനത്തിനു പ്രത്യേക പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പ്രഥമ വർഷമായ 2012-13-ലെ പദ്ധതി നിർവ്വഹണം ലക്ഷ്യ പ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുതരംഗത്ത് എന്തെല്ലാം നേട്ടങ്ങളാണുണ്ടാക്കാൻ സാധിച്ചതെന്നറിയിക്കുമോ ? | (സി) പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പ്രഥമ വർഷമായ 2012-13-ൽ ഡിസംബർ 31-ന് അവസാനിക്കുന്ന പാദവർഷത്തിൽ കൈവരിക്കേണ്ടിയിരുന്ന 60% സാമ്പത്തിക പുരോഗതിയിൽ 38% മാത്രമേ കൈവരിക്കാൻ സാധിച്ചിട്ടുള്ളൂ. എന്നാൽ 28.02.2013 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 55% സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ